©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| വാല്യം 15<br>Vol. XV | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2026 ആഗസ്റ്റ് 06<br>06th August 2026<br>1201 കർക്കടകം 21<br>21st Karkadakam 1201<br>1948 ശ്രാവണം 15<br>15th Sravana 1948 | നമ്പർ<br>No. | 2243 |
|---|---|---|---|---|

*ഫാറം നമ്പർ.7*
*ചട്ടം 18(1) കാണുക*

*<u>വിജ്ഞാപനം</u>*

*കെ 4- 688408/2023* 5 ആഗസ്റ്റ് 2026

കേരള സർക്കാരിന്റെ 11/07/2025ലെ ജി.ഒ. (ആർ.റ്റി) നമ്പർ. 1677/2025/ആർ.ഡി നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടറുടെ 27/07/2026ലെ കെ4- 688408/2023 നമ്പർ നടപടിക്രമ പ്രകാരം തിരുവനന്തപുരം എൽ.എ ഡെപ്യൂട്ടി കളക്ടറെ 2013ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിന് വിധേയമായി കളക്ടറുടെ ചുമതലകൾ നിർവ്വഹിക്കുന്നതിനു വേണ്ടി നിയമിച്ചിട്ടുള്ളതിനാലും;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നിർദ്ദിഷ്ട ഏറ്റെടുക്കലിൽ പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ ആയി തിരുവനന്തപുരം എൽഎ ഡെപ്യൂട്ടി കളക്ടറെ സർക്കാർ ഇതിനാൽ നിയമിക്കുന്നതിനാലും;

ചുവടെ പട്ടികയിൽ വിവരിച്ചിട്ടുള്ള ഭൂമി ഒരു പൊതു ആവശ്യത്തിനായി അതായത് , മേലേക്കടവ് പാലം നിർമ്മാണത്തിന് ആവശ്യമുണ്ടെന്ന് ബോദ്ധ്യപ്പെട്ടിരിക്കുന്നതിനാലും;

ഇപ്പോൾ ഇതുമായി ബന്ധപ്പെട്ട എല്ലാ വ്യക്തികൾക്കും 2013ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപന ത്തിനുമുള്ള അവകാശ നിയമം 11–ാം വകുപ്പ് 1–ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ഇക്കാര്യത്തിലുള്ള അറിയിപ്പ് ഇതിനാൽ നൽകുകയും ചെയ്യുന്നു.

പ്രസ്തുത സ്ഥലത്തിൽ തൽപ്പര കക്ഷികളായുള്ള എല്ലാ വ്യക്തികളോടും ഭൂരേഖകളുടെ പുതുക്കലിലോ ഏറ്റെടുക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ചോ എന്തെങ്കിലും ആക്ഷേപങ്ങൾ ഉണ്ടെങ്കിൽ അവ രേഖാമൂലം ഒരു പത്രികയായി മേൽപ്പറഞ്ഞ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയ തീയതി അല്ലെങ്കിൽ ആയത് സംബന്ധിച്ച പൊതു അറിയിപ്പ് നൽകിയ തീയതി, ഏതാണോ അവസാനം സംഭവിക്കുന്നത് അതു മുതൽ 15 ദിവസത്തിനകം എൽ.എ ഡെപ്യൂട്ടി കളക്ടർ, തിരുവനന്തപുരം തദനുസരണം ആവശ്യപ്പെട്ടുകൊള്ളുന്നു. നിശ്ചിത തീയതിയ്ക്കു ശേഷം ലഭിക്കുന്നതോ, ആക്ഷേപകന് ഭൂമിയിന്മേലുള്ള താൽപര്യം വ്യക്തമായി വിശദീകരിക്കാത്തതോ ആയ ഏതൊരു ആക്ഷേപ പത്രികയും അപ്പാടെ നിരസിക്കപ്പെടാൻ സാധ്യതയുള്ളതാണ്.

മേൽ പറഞ്ഞ പൊതു ആവശ്യത്തിലേക്ക് ഏറ്റെടുക്കാൻ നിർദ്ദേശിക്കപ്പെട്ടി രിക്കുന്ന ഭൂമിയുടെ വിസ്തീർണ്ണം നിർണ്ണയിക്കുന്നതിനു വേണ്ടി ചുവടെ ചേർക്കുന്ന ഫീൽഡ് നമ്പരുകൾ സർവ്വെ ചെയ്തു റിക്കാർഡ് തയ്യാറാക്കുന്നതിലേയ്ക്കായി വസ്തുവിൽ പ്രവേശിക്കുന്നതിനും സർവ്വെ ചെയ്യുന്നതിനും വിതാനങ്ങൾ എടുക്കുന്നതിനും അതിരും രേഖയും അടയാളപ്പെടുത്തുന്നതിനുമുള്ള പ്രവർത്തികൾ വസ്തു ഉടമസ്ഥൻ അല്ലെങ്കിൽ വസ്തു ഉടമസ്ഥൻ അധികാരപ്പെടുത്തിയ വ്യക്തിയുടെ സാന്നിധ്യത്തിൽ നടത്തുന്നതാണ് എന്ന അറിയിപ്പും നിയമത്തിലെ 12–ാം വകുപ്പ് പ്രകാരവും ചട്ടങ്ങളിൽ 19–ാം ചട്ടത്തിന്റെ (3)–ാം ഉപചട്ടത്തിൽ പുറപ്പെടുവിക്കാൻ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ഇതിനാൽ നോട്ടീസ് പ്രസിദ്ധപ്പെടുത്തുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സാമൂഹ്യ പ്രത്യാഘാത നിർണ്ണയ റിപ്പോർട്ട് തിരുവനന്തപുരം ജില്ലാകളക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ (www.trivandrum.gov.in) ലഭ്യമാണ്. ആയതിന്റെ ഒരു സംക്ഷിപ്ത രൂപം ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

**പട്ടിക**

ജില്ല : തിരുവനന്തപുരം താലൂക്ക് : തിരുവനന്തപുരം

(ഏകദേശ വിസ്തീർണ്ണമാണ് കൊടുത്തിരിക്കുന്നത്)

| | **വില്ലേജ്** | **ബ്ലോക്ക്** | **റീ സർവ്വെ നമ്പർ** | **വിവരണം** | **വിസ്തീർണ്ണം (ഹെക്ടറിൽ)** |
|---|---|---|---|---|---|
| 1 | പേരൂർക്കട | 23 | 463 (ഭാഗം) | പുരയിടം | 0.0500 |
| 2 | പേരൂർക്കട | 23 | 621(ഭാഗം) | പുറമ്പോക്ക് | 0.0200 |
| **ആകെ** | | | | | **0.0700** |

ജില്ല : തിരുവനന്തപുരം താലൂക്ക് : കാട്ടാക്കട

(ഏകദേശ വിസ്തീർണ്ണമാണ് കൊടുത്തിരിക്കുന്നത്)

| **ക്രമ നമ്പർ** | **വില്ലേജ്** | **ബ്ലോക്ക്** | **റീ സർവ്വെ നമ്പർ** | **വിവരണം** | **വിസ്തീർണ്ണം (ഹെക്ടറിൽ)** |
|---|---|---|---|---|---|
| 1 | വിളപ്പിൽ | 01 | 1 (ഭാഗം) | പുറമ്പോക്ക് | 0.0100 |
| **ആകെ** | | | | | **0.0100** |

**<u>സാമൂഹിക പ്രത്യാഘാത നിർണ്ണയ റിപ്പോർട്ടിന്റെ സംക്ഷിപ്തം</u>**

സാമൂഹിക പ്രത്യാഘാത പഠനം നടത്തിയ ഏജൻസി **ഐ.ആർ.ഡി (ഇൻസ്റ്റിട്യൂഷൻ ഫോർ റൂറൽ ഡെവലപ്മെന്റ്**

**<u>പദ്ധതിയും പൊതുജന താൽപര്യവും</u>**

തിരുവനന്തപുരം ജില്ലയിൽ വട്ടിയൂർക്കാവ് മൂന്നാംമൂട് വിളപ്പിൽ റൂട്ടിൽ മൂന്നാംമൂട് ജംഗ്ഷനിൽ നിന്നും ആയിരവല്ലി ക്ഷേത്രത്തിനു സമീപത്തായി കരമാനയാറിനു കുറുകെ പദ്ധതി പ്രദേശം സ്ഥിതിചെയ്യുന്നു. മൂന്നാംമൂട് ജംഗ്ഷനിൽ നിന്നും വിളപ്പിൽ പുളിയറക്കോണം കാപ്പിവിള തുടങ്ങിയ ജനനിബിഡമായ പ്രദേശത്തേക്ക്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പോകുന്നതിനുള്ള യാത്രാമാർഗമായിട്ടാണ് കരമാനയാറിനു കുറുകെയുള്ള പാലം നിർമ്മാണ പദ്ധതി. ആയിരവല്ലിക്ഷേത്രത്തിനു സമീപം വളരെ വിസ്തൃതിയിൽ ഒഴുകുന്ന കരമനായറിലൂടെ മഴക്കാലങ്ങളിലും അരുവിക്കരഡാം തുറക്കുന്ന സമയങ്ങളിലും വലിയ തോതിൽ വെള്ളപൊക്കമുണ്ടാകുകയും ജനങ്ങൾക്ക് യാത്രചെയ്യാൻ കഴിയാത്ത വിധം ബുദ്ധിമുട്ടിലാവുകയും ചെയ്യുന്നു.ഈ കഷ്ടപ്പാടുകൾക്ക് അറുതിവരുത്തുന്നതിന് പുതിയതായി നിർമ്മിക്കുന്ന മേലേക്കടവ് പാലം ഉപകരിക്കും. ഗതാഗത സൗകര്യത്തിനും അപകടങ്ങൾ ഒഴിവാക്കുന്നതിനും ജനസുരക്ഷക്കും വേണ്ടി ടി പാലം കരമന നദിക്കു കുറുകെ സംരക്ഷണ ഭിത്തിയോടുകൂടി നിർമ്മിക്കുകയെന്നത് തികച്ചും അനിവാര്യമാണ്. ടി സാഹചര്യങ്ങൾ പരിഗണിക്കുമ്പോൾ നിർദ്ദിഷ്ട പദ്ധതി വലിയ ഒരു ജനവിഭാഗത്തിന് പ്രയോജനം ചെയ്യുന്ന ഒരു പൊതു ആവശ്യമാണ്.

**ആഘാത ലഘൂകരണ നടപടികൾ**

2013ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും ചട്ടങ്ങളും നിലവിൽ വന്നതോടെ ഭൂമി ഏറ്റെടുക്കുന്നതിന് മുന്നോടിയായി സുപ്രധാനമായ വിവിധ സാമൂഹ്യ പ്രത്യാഘാതങ്ങൾ തിരിച്ചറിയുന്നതിനും ലഘൂകരണ നടപടികൾക്കും മൂല്യ നിർണ്ണയത്തിന്റെ ഒരു പ്രധാന മേഖലയും ഒഴിവാക്കാതെ കൂടുതൽ സമഗ്രമായ വിവരശേഖരണവും ഫലവും നേടുന്നതിന് ഗുണപരവും അളവു പരവുമായ രീതി സ്വീകരിച്ചു. ആയതിനാൽ 2013ലെ നിയമങ്ങളിലും, അനുബന്ധ ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന എല്ലാ നഷ്ടപരിഹാരവും സർക്കാർ നിജപ്പെടുത്തി നൽകിക്കൊണ്ട് സാമൂഹ്യ പ്രത്യാഘാതം പരമാവധി കുറയ്ക്കാവുന്നതാണ്.

ഒപ്പ്
**ജില്ലാ കളക്ടർ**
**തിരുവനന്തപുരം**

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by V JAYAKUMAR
Date:2026.08.06 08:15:32 +05:30